**സാങ്കേതിക സർവ്വകലാശാല പരീക്ഷകൾ: തെറ്റിദ്ധാരണ പരത്തുവാൻ ശ്രമം**

തിരു: സാങ്കേതിക സർവ്വകലാശാലയിൽ നടന്നുവരുന്നതും നിശ്ചയിച്ചിരിക്കുന്നതുമായ പരീക്ഷകൾക്കെതിരെ വിദ്യാർത്ഥികളിൽ തെറ്റിദ്ധാരണ പരത്തുവാനുള്ള സംഘടിതമായ ശ്രമങ്ങൾക്കെതിരെ ജാഗ്രത പുലർത്തുവാൻ എല്ലാ വിദ്യാർത്ഥികളോടും സർവ്വകലാശാല അഭ്യർഥിക്കുന്നു.

ആരോഗ്യസർവ്വകലാശാലയിലുൾപ്പടെ കേരളത്തിലെ ഇതര സർവകലാശാലകളിൽ ഓഫ്‌ലൈൻ പരീക്ഷകൾ സുഗമമായി നടക്കുമ്പോൾ സാങ്കേതിക സർവ്വകലാശാലയിൽ മാത്രം പരീക്ഷകൾ തടസപ്പെടുത്താനും ബഹിഷ്കരിക്കുവാനും വിദ്യാർത്ഥികളെ ചിലർ പ്രേരിപ്പിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത വൈസ് ചാൻസിലർമാരുടെ യോഗതീരുമാനം അനുസരിച്ച് കേരളത്തിലെ എല്ലാ സർവ്വകലാശാലകളും അനുവർത്തിക്കുന്ന പൊതുനയത്തിൻറെ ഭാഗമായാണ് ഓഫ്‌ലൈൻ പരീക്ഷകൾ നടത്തുവാൻ സാങ്കേതിക സർവ്വകലാശാലയും തീരുമാനിച്ചത്. എന്നാൽ സാങ്കേതിക സർവ്വകലാശാല പരീക്ഷാസംവിധാനങ്ങളെ മാത്രം ഒറ്റതിരിഞ്ഞു ആക്രമിക്കുവാനാണ് ശ്രമം.

പാഠ്യഭാഗങ്ങൾ പൂർണമായും പഠിപ്പിച്ചു തീർക്കുവാൻ ഉതകുന്നതരത്തിലും പഠനാവധികൾ ഉറപ്പുവരുത്തിയുമാണ് പരീക്ഷകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് അവരുടെ വീടിന് സമീപമുള്ള കോളേജുകളിൽ തന്നെ പരീക്ഷയെഴുതുവാനുള്ള പ്രത്യേക 'സെന്റർ ചേഞ്ച്' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല സാങ്കേതിക സർവ്വകലാശാല വിദ്യാർത്ഥികൾക്ക് കോവിഡ് വാക്സിനേഷന് മുൻഗണന നൽകികൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. നൂറുമാർക്കിൻറെ പരീക്ഷ എഴുപത് മാർക്കിന്റെ പരീക്ഷയാക്കുകയും പരീക്ഷ ദൈർഖ്യം മൂന്ന് മണിക്കൂറിൽ നിന്നും രണ്ടേകാൽ മണിക്കൂറായി കുറക്കുകയും ചെയ്തു. ഒരു പരീക്ഷ വിജയിക്കുവാൻ 40 മാർക്കിന് പകരം 28 മാർക്ക് മതിയാകും. കോവിഡ് മൂലമോ അനുബന്ധ പ്രശ്നങ്ങൾ മൂലമോ പരീക്ഷ എഴുതുവാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പ്രത്യേക അവസരം അവരുടെ ആദ്യ ചാൻസ് ആയിത്തന്നെ

പരിഗണിക്കുകയും ചെയ്യും. ഇത്രയും വിദ്യാർത്ഥി സൗഹൃദമായി സംഘടിപ്പിക്കുന്ന പരീക്ഷകൾക്കെതിരെയാണ് പ്രചാരണം നടത്തുന്നത്.

വിവിധ സെമെസ്റ്ററുകളിലെ ഒരു ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ വീടുകളിൽ ഇരുന്നുകൊണ്ട് പരീക്ഷ എഴുതുവാൻ കഴിയുന്ന കുറ്റമറ്റ പ്രോക്ടർഡ് ഓൺലൈൻ പരീക്ഷ സംവിധാനം നിലവിൽ വരുന്നതുവരെ പരീക്ഷകൾ ഓഫ്‌ലൈൻ ആയി മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും ഓഫ്‌ലൈൻ പരീക്ഷകളുമായി മുന്നോട്ടുപോകുവാൻ സർവകലാശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

ഇന്ത്യയിലെതന്നെ പ്രമുഖ സാങ്കേതിക സർവകലാശാലകളായ വിശ്വേശരയ്യ, ജവാഹർലാൽ നെഹ്‌റു ടെക്നോളജിക്കൽ യൂനിവേഴ്‌സിറ്റികളും, കേരളത്തിലെ കുസാറ്റും ഇതേ ഓഫ്‌ലൈൻ മാതൃകതന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. പരീക്ഷകൾ നീട്ടിവെയ്ക്കുവാനുള്ള ഏതുതീരുമാനവും കോഴ്‌സ് ലാഗിങ്ങിൽ ആകും അവസാനിക്കുക. ഇത് സമർത്ഥരായ വിദ്യാർത്ഥികളുടെ ക്യാമ്പസ് പ്ലേസ്മെന്റുകളെയും, ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും പ്രതികൂലമായി ബാധിക്കും. അതുകൊണ്ടുതന്നെ നിശ്ചയിച്ചിരിക്കുന്ന പരീക്ഷകൾ പ്രഖ്യാപിച്ച തീയതികളിൽ തന്നെ നടത്തുവാൻ സർവ്വകലാശാല ബാധ്യസ്ഥമാണ്. പരീക്ഷകൾക്കെതിരായ പ്രചാരണങ്ങൾക്കെതിരെ ജാഗ്രതപുലർത്തുവാനും പരീക്ഷകളിൽ കൃത്യതയോടെ പങ്കെടുക്കുവാനും എല്ലാ വിദ്യാർത്ഥികളോടും അഭ്യർത്ഥിക്കുന്നു.

**ഡോ. എം. എസ്. രാജശ്രീ**
**വൈസ് ചാൻസലർ**